പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 24

# 2011-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 24

# 2011-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് (ഭേദഗതി) ബിൽ

843/2011(i).

# 2011-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് (ഭേദഗതി) ബിൽ

1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റ്
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റ് (1994-ലെ 14) ഇതിനുശേഷം കാണപ്പെടുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പട്ടികയുടെ ഭേദഗതി.—1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റിന്റെ (1994-ലെ 14) പട്ടികയിലെ "34 കേരള അർബൻ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ" എന്ന ഉൾക്കുറിപ്പ് വിട്ടുകളയേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റിന്റെ പട്ടികയിലെ ക്രമനമ്പർ 34 പ്രകാരം കേരള അർബൻ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ അക്കൗണ്ടുകൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ ഡയറക്ടറാൽ ആഡിറ്റ് ചെയ്യപ്പെടേണ്ടതാണ്.

2. കമ്പനീസ് ആക്റ്റിൻകീഴിൽ ഏകാംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള അർബൻ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ. അത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും അതിന്റെ കണക്കുകൾ കമ്പനീസ് ആക്റ്റിൻകീഴിലും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പുറപ്പെടുവിച്ചിട്ടുള്ള വിവിധ മാർഗ്ഗനിർദ്ദേശ രേഖകൾ കണക്കിലെടുത്തുകൊണ്ടുമാണ് വച്ചുപോരുന്നത്. അത് ഒരു തദ്ദേശനികായമോ ഒരു ലോക്കൽ ഫണ്ടോ അല്ല. അത് ഒരു സർക്കാർ കമ്പനിയാണ്.

KNPP. 843/2011(i).

3. 1956-ലെ കമ്പനീസ് ആക്റ്റിലെയും 1971-ലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽസ് ആക്റ്റിലെ 19-ാം വകുപ്പിലെയും വ്യവസ്ഥകൾ പ്രകാരം സർക്കാർ കമ്പനികളുടെ ആഡിറ്റ്, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ ആണ് നടത്തേണ്ടത്. അതിനാൽ, പ്രസ്തുത ആക്റ്റിന്റെ പട്ടികയിൽ നിന്നും 'കേരള അർബൻ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ' എന്ന ഉൾക്കുറിപ്പ് വിട്ടുകളയുവാൻ സർക്കാർ തീരുമാനിച്ചു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

(ശരിത്തർജ്ജമ)

കെ. എം. മാണി.

## 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്റ്റി (1994-ലെ 14)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

3. ഡയറക്ടറുടെ നിയമനം.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, നിർണ്ണയിക്കപ്പെട്ട പ്രകാരം യോഗ്യതകളുള്ള ഒരാളെ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടുകളുടെയോ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ലോക്കൽ ഫണ്ടിന്റെയോ ആഡിറ്റിന്റെ ചുമതലയുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറായി നിയമിക്കേണ്ടതാണ്.

** ** ** **

പട്ടിക

[3 (1)-ാം വകുപ്പ് കാണുക]

** ** ** **

33. കേരള സംസ്ഥാന നിർമ്മിതികേന്ദ്രം.

34. കേരള അർബൻ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ.

35. കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി.

** ** ** **